**പതിമൂന്നാം കേരള നിയമസഭ**
**എട്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1518 | 22/03/2013-ൽ മറുപടിയ്ക്ക്

## ഗ്രോബാഗ് പച്ചക്കറി വികസന പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.ജി. സുധാകരൻ | | **കെ.പി.മോഹനൻ**<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) ഗ്രോബാഗ് പച്ചക്കറി വികസന പദ്ധതിയുടെ വിശദാംശം നൽകുമോ; | എ) | നല്കാം. കൊല്ലം, തൃശ്ശൂർ നഗര സഭകളിൽ 2012-13 ലെ പച്ചക്കറി കൃഷി വികസന പദ്ധതിയിലെ അർബൻ ക്ലസ്റ്റർ എന്ന ഘടകത്തിൽ ഉൾപ്പെടുത്തി 13250 വീടുകൾക്ക് വീതം (ആകെ 26500 യൂണിറ്റ്) 2000 രൂപ വില മതിക്കുന്ന ഗ്രോബാഗ് യൂണിറ്റുകൾ 75% സബ്സിഡി നിരക്കിൽ നൽകുന്നു. 1 യൂണിറ്റിൽ 25 ഗ്രോബാഗ് ഉണ്ടായിരിക്കും ഗ്രോബാഗുകളിൽ പോട്ടിംഗ് മിശ്രിതം നിറച്ച് പച്ചക്കറി തൈകൾ നട്ട് നൽകുന്നു. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലെ 12 മുൻസിപ്പാലിറ്റികളിൽ സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ മുഖാന്തിരവും ആലുവ, തൃപ്പൂണിത്തുറ, കളമശ്ശേരി, മരട്, ഏലൂർ എന്നീ 5 മുനിസിപ്പാലിറ്റികളിൽ വി.എഫ്.പി.സി.കെ മുഖാന്തിരവുമാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. കൂടാതെ സംസ്ഥാനത്ത് ഒട്ടാകെയുളള 60 മുനിസിപ്പാലിറ്റികളിലായി 80000 ഗ്രോബാഗ് യൂണിറ്റുകൾ വിതരണം ചെയ്യുന്നു. ഓരോ മുനിസിപ്പാലിറ്റിയും 1330 ഗ്രോബാഗ് യൂണിറ്റുകളാണ് റസിഡൻഷ്യൽ അസോസിയേഷനുകൾ വഴി വിതരണം ചെയ്യുന്നത്. ഹോർട്ടിക്കൾച്ചർ മിഷൻ, വി.എഫ്.പി.സി.കെ, സംസ്ഥാന വിത്തു വിതരണ അതോറിറ്റി, കൃഷി വകുപ്പ് ഫാമുകൾ, കേരള കാർഷിക കർവ്വകലാശാല എന്നിവയുടെ നേതൃത്വത്തിലാണ് തൈകൾ വിതരണം |

| | | | |
|---|---|---|---|
| | | | ചെയ്യുന്നത്. റസിഡൻഷ്യൽ അസോസിയേഷനുകൾ, ക്ലബുകൾ എന്നിവ മുഖേന കുടുംബശ്രീ യൂണിറ്റുകളുടെ സഹായത്തോടെയാണ് ടി പദ്ധതി വിജയകരമായി നടപ്പാക്കി വരുന്നത്. അതിനു വേണ്ടതായ ബോധവത്കരണ/പരിശീലന പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്. |
| ബി) | എത്ര കർഷകർ 500 രൂപ വീതം നൽകി കൃഷി ഭവനുകളിൽ അപേക്ഷ സമർപ്പിച്ചു; ഇതിൽ എത്ര പേർക്ക് ഗ്രോബാഗുകൾ വിതരണം ചെയ്തുവെന്ന് വ്യക്തമാക്കുമോ; | ബി) | ഇതുവരെ 76995 കർഷകർ 500 രൂപ വീതം നൽകി കൃഷി ഭവനിൽ അപേക്ഷ നൽകിയിട്ടുണ്ട്. 59496 പേർക്ക് ഗ്രോബാഗുകൾ വിതരണം ചെയ്തു കഴിഞ്ഞു. ബാക്കി ഗ്രോബാഗുകൾ മാർച്ച് 31 ന് മുൻപ് വിതരണം ചെയ്യുന്നതാണ്. |
| സി) | ഇത്തരത്തിൽ നൽകിയ ഗ്രോബാഗുകളിൽ ജൈവ വളം ചേർന്ന മിശ്രിതമായിരുന്നില്ല നിറച്ചിരുന്നതെന്നും ആരോഗ്യമില്ലാത്ത പച്ചക്കറി തൈകളാണ് വിതരണം ചെയ്തതെന്നുമുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ ? | സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോഴിക്കോട്, മലപ്പുറം, തിരുവനന്തപുരം, ആലപ്പുഴ എന്നീ ജില്ലകളിൽ നിന്ന് ഗ്രോബാഗിൽ നിറച്ച മിശ്രിതത്തിന്റെ അളവിനെപ്പറ്റിയും, പച്ചക്കറി തൈകളെപ്പറ്റിയുമുള്ള പരാതി ലഭിക്കുകയുണ്ടായി. ഈ പരാതികളെല്ലാം തന്നെ അതാത് സമയത്ത് ബന്ധപ്പെട്ട വിതരണ ഏജൻസിയേയും അതാത് പ്രിൻസിപ്പൽ കൃഷി ഓഫീസർമാരേയും അറിയിക്കുകയും തക്കതായ നടപടികൾ സ്വീകരിക്കുവാനും മോശപ്പെട്ട ഗ്രോബാഗുകൾ മാറ്റി പകരം പുതിയതു നൽകുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. അതനുസരിച്ച് പരിഹാര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

(signature)

**സെക്ഷൻ ഓഫീസർ**